**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192 | 05.11.2019-ലെ മറുപടിയ്ക്ക്

## കായികമേളകൾ കുറ്റമറ്റരീതിയിൽ നടത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ<br>,, പി.കെ.അബ്ദു റബ്ബ്<br>,, കെ.എം.ഷാജി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന ജൂനിയർ അത് ലറ്റിക് മീറ്റിനിടെ ഹാമർ തലയിൽ പതിച്ച് മരണത്തിന് കീഴടങ്ങേണ്ടിവന്ന അഫീൽ ജോൺസൺ എന്ന കായികതാരത്തിനുണ്ടായ ദുരന്തത്തിന് ഇടയാക്കിയ സുരക്ഷാ വീഴ്ചകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. 05.10.2019-ലെ സ.ഉ(സാധ)നം.197/2019/കാ.യു.വ പ്രകാരം ചുവടെ സൂചിപ്പിക്കുന്ന അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തുകയും ടി - കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>1) ഡോ.കെ.കെ.വേണു, ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (റിട്ട), യൂണിവേഴ്സിറ്റി ഓഫ് കേരള (Now working as advisor in PE, APJ Abdul Kalam Technological University, Trivandrum)<br>2) ശ്രീ.എ.പി.സത്യാനന്ദൻ, സായ് അത്ലറ്റിക്സ് കോച്ച് (റിട്ട)<br>3) ശ്രീ.വി.ഡിജു, ഒളിമ്പ്യൻ ബാഡ്മിന്റൺ പ്ലേയർ (അർജ്ജുന അവാർഡ്) മാനേജർ, ഒ.എൻ.ജി.സി ചെന്നൈ). |
| (ബി) | കായിക മേളകൾ സംഘടിപ്പിയ്ക്കുന്നതിന് മതിയായ സൗകര്യമൊരുക്കാത്തതും സംഘാടനത്തിലെ പാളിച്ചകളുമാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിന് ഇടയാക്കിയതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയുന്ന അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.<br>1) ദേശീയ തലത്തിൽ 5 ദിവസമായി നടത്തുന്ന ഏജ് ഗ്രൂപ്പ് അത്ലറ്റിക്സ് മത്സരങ്ങൾ സംസ്ഥാന തലത്തിൽ 3 ദിവസമായി നടത്തേണ്ടി വന്നതിനാൽ രണ്ട് ദീർഘദൂര ത്രോ ഇനങ്ങൾ ഒരേ ദിശയിൽ നിന്നും നടത്തിയത് അപകടത്തിന് വഴി തെളിച്ചു.<br>2) 18 വയസ്സിനു താഴെയുള്ള ആൺകുട്ടികളുടെ ജാവലിൻ ത്രോ 10.30Am ന് |

| | | | |
|---|---|---|---|
| | | | തുടങ്ങുകയും 11.30AM ന് നടത്തേണ്ട 18 വയസിനു താഴെയുള്ള പെൺകുട്ടികളുടെ ഹാമർ ത്രോ തുടങ്ങേണ്ട സമയത്ത് ജാവലിൻ മത്സരങ്ങൾ പൂർത്തിയാകാതെ വന്നപ്പോൾ ഹാമർ ത്രോ മത്സരങ്ങൾ കൂടെ നടത്താൻ വേണ്ടി ചെയ്ത ക്രമീകരണങ്ങൾ ഉണ്ടായ പാളിച്ചയാണ് അപകടത്തിലേക്ക് നയിച്ചത്.<br><br>3) രണ്ട് ത്രോ മത്സരങ്ങളും ഒരേ സമയം നടത്തേണ്ടിവന്നപ്പോൾ ഒരു ത്രോ ഇനം കഴിഞ്ഞ് അളന്ന് തിട്ടപ്പെടുത്തി ഉപകരണം തിരിച്ചുകൊണ്ടുവന്ന ശേഷം അടുത്ത ത്രോ ഇനം തുടങ്ങണം എന്ന ധാരണയിലായിരുന്നു മത്സരങ്ങൾ നടന്നത്. എന്നാൽ ഇത് നിയന്ത്രിക്കുന്നതിനു വേണ്ടി ഒരു പ്രത്യേക ഒഫീഷ്യലിനെ നിയോഗിച്ചിരുന്നില്ല എന്നത് മത്സരം നടത്തിപ്പിലെ പ്രധാന പോരായ്മയായി കാണേണ്ടിയിരിക്കുന്നു. ആയതിനാൽ രണ്ട് ത്രോ ഇനങ്ങളും ഏകദേശം അടുത്തടുത്ത സമയത്ത് നടന്നത് അപകടകാരണമായി.<br><br>രണ്ട് ത്രോ മത്സരങ്ങളും നടത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം റഫറീ, ത്രോസ്, ചീഫ് ജഡ്ജ് ഹാമർ ത്രോ, ചീഫ് ജഡ്ജ്, ജാവലിൻ ത്രോ എന്നിവരിൽ നിക്ഷിപ്തമാണ്. |
| (സി) | എങ്കിൽ കുറ്റമറ്റ രീതിയിൽ ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | സംസ്ഥാനത്ത് നടത്തപ്പെടുന്ന കായികമേളകളിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി സ്കൂൾ മീറ്റിന് ജില്ലാതല മത്സരങ്ങൾ മുതലുള്ളവയ്ക്ക് കായികയുവജന കാര്യാലയത്തിലേയോ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ ഒരു സീനിയർ കോച്ചിനെ നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയോഗിക്കുന്നതിനും കൂടാതെ ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉപജില്ലാ, ജില്ലാ, സംസ്ഥാന മത്സരങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ത്രോ ഇനങ്ങൾ ഒരു സമയത്ത് ഒരു ഐറ്റം മാത്രമേ നടത്താവൂ |

| | | | |
|---|---|---|---|
| | | | എന്നതിനെക്കുറിച്ചും വിശദമായ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് വരുംകാലങ്ങളിൽ നടക്കാനിരിക്കുന്ന കായികമേളകളിൽ ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**